## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.437 — 04.06.2018 ൽ മറുപടിയ്ക്ക്

### വിലവർദ്ധനവ് പരിഗണിച്ച് കമ്പോള ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വിലവർദ്ധനവ് പരിഗണിച്ച് കമ്പോള ഇടപെടലിന് സപ്ലൈകോയ്ക്കും, കൺസ്യൂമർ ഫെഡിനും 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ; | (എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയ്ക്ക് 200 കോടി രൂപ വീതം ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡിന് 2016-17 വർഷത്തിൽ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ 2017-18 വർഷത്തിൽ 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ സപ്ലൈകോയ്ക്ക് 150 കോടി രൂപയും കൺസ്യൂമർ ഫെഡിന് 100 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക 2016-17 ലും, 2017-18 ലും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ? | (ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് അനുവദിച്ച തുകയിൽ 69.66 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ